# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം പി15-779/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

-

നമ്പർ: കെഎസ്എ.കെറ്റിഎം പി15-779/22 തീയ്യതി: 20/05/2022

## കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 19-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി ദർശന വി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി ,സീനിയർ ഗ്രേഡ് ഓഡിറ്റർ (19.04.2022,25.04.2022, 26.04.2022 )

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലൈസാമ്മ ജോർജ് | പ്രസിഡന്റ് | 01-04-2019 | 16-09-2019 |
| ശ്രീമതി രാഖി കലേഷ് കുമാർ | പ്രസിഡന്റ് | 13-10-2019 | 31-03-2020 |
| ശ്രീമതി ചന്ദ്രിക ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 02-04-2019 |
| ശ്രീ ദിൽഷാദ് ഉ | സെക്രട്ടറി | 03-04-2019 | 28-07-2019 |
| ശ്രീമതി ചിത്ര സി എൽ | സെക്രട്ടറി | 28-07-2019 | 02-08-2019 |
| ശ്രീ പി എൻ സുജിത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2019 | 15-09-2019 |
| ശ്രീമതി ചിത്ര സി എൽ | സെക്രട്ടറി | 16-09-2019 | 04-12-2019 |
| ശ്രീ വേണുഗോപാൽ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-12-2019 | 16-12-2019 |
| ശ്രീ ജയ് മോൻ എബ്രഹാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-12-2019 | 08-01-2020 |
| ശ്രീ ഷാജി എം ഇ | സെക്രട്ടറി | 09-01-2020 | 31-03-2020 |
| ശ്രീ. ജോൺസൻ അലക്സാണ്ടർ | പ്രസിഡന്റ് | 17-09-2019 | 12-10-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെസ്സി മാമ്മൻ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 01-04-2019 | 31-07-2019 |
| ശ്രീമതി മീന ചാക്കോ | അസിസ്റ്റന്റ് ഡയറക്ടർ ,അഗ്രീക്കൾച്ചർ | 01-04-2019 | 31-03-2020 |
| ശ്രീ പ്രേംകുമാർ എൻ എം | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി യമുന കെ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 05-08-2019 | 31-03-2020 |
| ശ്രീ പ്രമോദ് ഗോപൻ എൻ ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 24-07-2019 |
| ശ്രീമതി പുണ്യ സതീശൻ | അസിസ്റ്റന്റ് | 25-07-2019 | 26-08-2019 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ(LSGD | | |
| ശ്രീ ചന്ദ്രദാസ് ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 26-09-2019 | 12-11-2019 |
| ശ്രീമതി സൗമ്യ ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 13-11-2019 | 01-12-2019 |
| ശ്രീ ജിതിൻ ബോസ് കെ.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 02-12-2019 | 31-03-2020 |
| ശ്രീമതി ഉഷാഭായി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ വിജയൻ റ്റി ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീ സന്തോഷ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-08-2019 | 06-12-2019 |
| ശ്രീ മൻമഥൻ പി സി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10-12-2019 | 31-03-2020 |
| ശ്രീമതി.ഓമന.കെ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സഞ്ചിത വി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-08-2019 | 25-09-2019 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunil Kumar G (Senior Grade Auditor, On 30-04-2022)<br>Last Updated By: Maya R (Audit Officer, On 30-04-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 29-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-6 |
| 7 | സാമൂഹ്യ സുരക്ഷാപദ്ധതികൾ<br>Written By: Sunil Kumar G (Senior Grade Auditor, On 30-04-2022)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 30-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sunil Kumar G (Senior Grade Auditor, On 30-04-2022)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 30-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Maya R (Audit Officer, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-10 |
| 11 | അർഹമായ കാലയളവിന് ശേഷം യാത്രാബത്തയിനത്തിൽ തുക നൽകി<br>Written By: Darsana V (Senior Grade Auditor, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-11 |
| 12 | തനത് ഫണ്ട് വൗച്ചർ സൂക്ഷിപ്പിൽ അപാകത.<br>Written By: Darsana V (Senior Grade Auditor, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-12 |
| 13 | സെക്രട്ടറി നിർവഹണം നടത്തിയ ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകൾ - കരാറുകാരന് അർഹമായതിലും അധിക തുക നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 01-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-13 |
| 14 | വിവിധ ഏജൻസികൾക്കും പഞ്ചായത്തുകൾക്കും തുക കൈമാറി- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-14 |
| 15 | പുറം ബണ്ട് നിർമ്മാണം -മൈനർ ഇറിഗേഷൻ വകുപ്പിന്റെ അനുമതിലഭ്യമായില്ല<br>Written By: Maya R (Audit Officer, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-15 |
| 16 | എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കാതെ | 1-16 |

| | | |
|---|---|---|
| | ഫൈനൽ ബിൽ നൽകി<br>Written By: Maya R (Audit Officer, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | |
| 17 | ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.<br>Written By: Maya R (Audit Officer, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-17 |
| 18 | മരുന്ന് വാങ്ങൽ - കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് യഥാസമയം ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 1-18 |
| 19 | പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 30-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-19 |
| 20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 30-04-2022)<br>Last Updated By: S Shyju (Senior Deputy Director, On 20-05-2022) | 1-20 |
| 21 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്കുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 01-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സെക്രട്ടറി നിർവഹണം നടത്തിയ ഇലക്ട്രിഫിക്കേഷൻ പ്രോജക്കുകൾ - കരാറുകാരന് അർഹമായതിലും അധിക തുക നൽകി<br>Written By: Maya R (Audit Officer, On 04-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 26-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 26-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Sunil Kumar G (Senior Grade Auditor, On 04-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 26-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |

| | | |
|---|---|---|
| | വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya R (Audit Officer, On 04-05-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 16-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 26-04-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 14/02/2019 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | 2019-20 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6325000/- | 37653061/- |
| വരവ് | 242414000/- | 6194869/- |
| ആകെ | 248739000/- | 43847930/- |
| ചെലവ് | 238414000/- | 34245850/- |
| നീക്കിയിരിപ്പ് | 10325000/- | 9602080/- |

ബജറ്റ് പ്രകാരം 24.24. കോടി രൂപയുടെ പ്രതീക്ഷിത വരവും23.84 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ സർക്കാർ ഗ്രാന്റുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥ വരവായി പ്രതിഫലിക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രികയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ സർക്കാർ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ധനകാര്യ പത്രിക ബ്ലോക്ക് പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ധനകാര്യ പത്രികയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവും അവയുടെ ചെലവഴിക്കലും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. 2019-20 ഗ്രാന്റ് പത്രിക പ്രകാരം അലോട്ട്മെന്റും ചെലവും താഴെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട്(General) | 36,020,000/- | 18,208,620/- | 17,811,380/- |
| വികസന ഫണ്ട്(SCP) | 13,049,000/- | 9,802,054/- | 3,246,946/- |
| വികസന ഫണ്ട്(TSP) | 432,000/- | 0 | 432,000/- |
| മെയിന്റനൻസ് ഗ്രാന്റ്(Non Road) | 4,711,000/- | 1,069,248/- | 3,641,752/- |

റസീറ്റ് & പേമെന്റ് പത്രികയിലെയും, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും സർക്കാർ ഗ്രാന്റിന്റെ വരവും ചെലവും ഒഴികെയുള്ള ഇടപാടുകളുടെ സംക്ഷിപ്തം മാത്രമാണ് പ്രതിഫലിച്ചത്. സർക്കാർ ധനസഹായമായി വിനിയോഗിച്ച 2.91 കോടി രൂപ വരവിലും ചെലവിലും ഉൾപ്പെടുത്താത്തതിനാൽ ലഭ്യമാക്കിയ ധനകാര്യപത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർഥ ധനസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല.

2. 31/03/2020 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
3. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2020-ൽ നിലനിൽക്കുന്നതും 2019-20 വർഷം

ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.

4. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.
5. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
7. ബി-11 ഷെഡ്യൂളിലുള്ള ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്നതിനുള്ള ആധികാരിക രേഖകൾ ഒന്നും ലഭ്യമല്ല.
8. I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.
9. Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും ക്രമീകരണങ്ങളുടെയും ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല. പ്രോജക്ട് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിരുന്നു.
10. ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയായി 31/03/2020 ൽ തിരിച്ചടയ്ക്കാനുള്ള വായ്പകൾ അവശേഷിക്കുന്നില്ലാത്ത സാഹചര്യത്തിലും 27.85 ലക്ഷം രൂപ Prepaid Programme Expense ശീർഷകത്തിൽ അവശേഷിക്കുന്നു.
11. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2020 തീയതിയിലെ ബാലൻസ് ഷീറ്റ് ബി-18 ലെ ഡെപ്പോസിറ്റ് തുകകളുടെ ആധികാരികതയും അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയും വ്യക്തമല്ല.
12. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ സാംഖ്യയിൽ നടത്തിയിട്ടില്ല.
13. 130800199-Other Rents ശീർഷകത്തിലെ 151,648/- രൂപ വരവ് ഏതിനത്തിലാണ് എന്ന് വ്യക്തമല്ല.
14. ഗുണഭോക്തൃ വിഹിതം 2.65 ലക്ഷം രൂപ തിരിച്ചടവിന്റെ ആധികാരികതയും സാഹചര്യവും വ്യക്തമല്ല(RP-31).
15. ബാങ്ക് ലോൺ പലിശയുൾപ്പടെ 4,249,809/- രൂപ തിരിച്ചടച്ചത് മുതൽ അക്കൗണ്ട് ചെയ്യുന്ന 330500102 ശീർഷകത്തിൽ അക്കൗണ്ടു ചെയ്തിരിക്കുന്നു. പലിശ പ്രത്യേക ശീർഷകത്തിൽ ചേർക്കേണ്ടതായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വരവ്-ചെലവുകൾ അക്കൗണ്ട് ചെയ്യാതിരുന്നതിനും ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 37,653,061/- |
| ഓഡിറ്റ് വർഷത്തെ വരവ് | 6,194,869/- |
| ആകെ | 43,847,930/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34,245,850/- |
| നീക്കിയിരിപ്പ് | 9,602,080/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27186 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6308573/- |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-Non Road എന്നീ സർക്കാർ ഗ്രാന്റുകളുടെ 5.42 കോടി രൂപ അലോട്ട്മെന്റിൽ ഏകദേശം 2.91 കോടി ചെലവഴിച്ചു(ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം). പ്രസ്തുത ഗ്രാന്റിന്റെ വരവും ചെലവും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ഗ്രാന്റ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തൻവർഷം ലഭിച്ചിട്ടില്ല.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 36,020,000/- | 36,020,000/- | 18,208,620/- | 17,811,380/- | 50.55 |
| വികസന ഫണ്ട്-SCP | 0 | 13,049,000/- | 13,049,000/- | 9,802,054/- | 3,246,946/- | 75.12 |
| വികസന ഫണ്ട്-TSP | 0 | 432,000/- | 432,000/- | 0 | 432,000/- | 0 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,711,000/- | 4,711,000/- | 1,069,248/- | 3,641,752/- | 22.70 |

2019-20 വർഷം ജനറൽ പർപ്പസ് ഫണ്ടായി 44.93 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചു. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്-Non Road എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ഫണ്ട് വിനിയോഗ കണക്കുകളിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 9-3-20ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 02.10.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 25.10.2018 |
| ഗ്രാമസഭ | 17.10.2018 |

| | |
|---|---|
| വികസനസെമിനാർ | 04.12.2018 |

2019-20 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 70114430/- രൂപയും ആകെ ചെലവ് 29293426/- രൂപയുമാണ്. ചെലവുശതമാനം 41.78%. അംഗീകാരം ലഭിച്ച 100 പ്രോജക്ടുകളിൽ 42 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 5 | 2 | 2385000 | 1580000 | 66.24 |
| പട്ടികജാതി വികസനഓഫീസർ | 3 | 3 | 6592000 | 5197000 | 78.84 |
| മെഡിക്കൽ ഓഫീസർ (സിഎച്ച്സി) | 6 | 4 | 3271441 | 2033494 | 62.16 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 4 | 1 | 6144800 | 2148996 | 34.97 |
| സെക്രട്ടറി | 36 | 15 | 25740138 | 12408682 | 48.20 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 14 | 21941621 | 3558650 | 16.21 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 3900000 | 2227174 | 57.11 |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | 1 | 1 | 139430 | 139430 | 100 |
| ആകെ | 100 | 42 | 70114430 | 29293426 | 41.78 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 2.51കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2019-20 കാലയളവിലെ സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം വന്നിട്ടുള്ളതായി കാണുന്നു. പൊതുവിഭാഗം വികസനഫണ്ട് ചെലവഴിച്ചത് 50.55% മാത്രമാണ്. കൂടാതെ റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗം 22.7% മാത്രമാണ്. ടിഎസ് പി ഫണ്ട് തൻവർഷം തുകയൊന്നും ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 43 പ്രോജക്ടുകളിൽ 14എണ്ണം മാത്രമാണ് (ചെലവ് ശതമാനം 16.21%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 17,811,380/- |
| വികസന ഫണ്ട്-SCP | 3,246,946/- |
| വികസന ഫണ്ട്-TSP | 432,000/- |

| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,641,752/- |
| ആകെ | 25132078 |

വികസനഫണ്ട് വിഹിതം 90% ൽ കൂടുതൽ ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭ്യമാക്കാത്തത് മൂലം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 2.51 കോടി രൂപ ആത്യന്തികമായി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി. 2.51 കോടിയിലധികം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് സഗൗരവം വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

പ്രത്യേക പരാമർശമില്ല

## 1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.04.2022-ൽ 3.30 പി.എം.-ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ബില്ലുകൾ ബന്ധപ്പെട്ട ഫയലിൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. വൗച്ചറുകൾക്കൊപ്പം ചെലവിനാധാരമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തേണ്ടതാണ്. വൗച്ചറുകളിൽ നം./തീയതി രേഖപ്പെടുത്തുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല. സാംഖ്യയിൽ ലഭ്യമാകുന്ന പേയ്മെന്റ് വൗച്ചറുകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലോൺ രജിസ്റ്റർ, ബി4 ഷെഡ്യൂളിലെ ബാദ്ധ്യതകളുടെ വിവരം കാണിക്കുന്ന എസിആർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയ അനുബന്ധ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു.

മരാമത്ത് പ്രവൃത്തികൾ ആരംഭിച്ചതിന് ശേഷം മിക്ക പ്രോജക്ടുകളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നതായി കാണുന്നു. വർക്ക് സൈറ്റ് കൃത്യമായി പരിശോധിച്ച് എസ്റ്റിമേററ് തയ്യാറാക്കാത്തതുമൂലമാണ് ഇത് സംഭവിക്കുന്നത്. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല. ഉദാ- വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/02/2021-17/02/2021 | 2020-21 | 04/DPAW /KTM/2022 തീയതി 08/03/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-11-2013 | 2008-09മുതൽ 2012-13വരെ | LBA(HQ) I/I/LBAII/195 തീയതി 20-11-2013 |

1-11 അർഹമായ കാലയളവിന് ശേഷം യാത്രാബത്തയിനത്തിൽ തുക നൽകി

കേരള ഫിനാൻഷ്യൽ കോഡ് Art 56(b) ii പ്രകാരം യാത്രാബത്തയ്ക്ക് അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം തുക മാറിയിരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നു. ബ്ലോക്ക്പഞ്ചായത്തിലെ വൈസ് പ്രസിഡന്റായിരുന്ന ശ്രീ.ജോൺസൺ അലക്സാണ്ടറിന്റെ യാത്രാബത്തയിനത്തിൽ 5.7.2019 ലെ 21900065 -ാം നമ്പർ വൗച്ചർ പ്രകാരം 4464/- രൂപ നൽകിയതിൽ രണ്ടുവർഷത്തിന് മുൻപുള്ള കാലയളവായ 11/2015 മുതൽ 5/17 കാലയളവിലെ 2232/-രൂപയും ഉൾപ്പെടുന്നു. ബ്ലോക്ക് പഞ്ചായത്തിലെ മെമ്പറായിരുന്ന ശ്രീമതി.രാഖി കലേഷ് കുമാറിന്റെ യാത്രാബത്തയിനത്തിൽ 05.7.2019 ലെ 21900064 -ാം നമ്പർ വൗച്ചർ പ്രകാരം 4572 /- രൂപ നൽകിയതിൽ 11/2015 മുതൽ 5/17 കാലയളവിലെ യാത്രാബത്തയിനത്തിലുള്ള 2470/-രൂപ ഉൾപ്പെടുന്നു. അനർഹമായ കാലയളവിൽ യാത്രാബത്ത നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നം.8)ക്ക് മറുപടി ലഭ്യമാക്കിയില്ല. അർഹമായ കാലയളവിന് ശേഷം നൽകിയ തുക (2232+2470 =4702/-)തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12 തനത് ഫണ്ട് വൗച്ചർ സൂക്ഷിപ്പിൽ അപാകത.

2019-20 വർഷത്തെ ജനറൽപർപ്പസ് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വൗച്ചറുകൾ തീയതിക്രമത്തിൽ അനുബന്ധരേഖകൾ സഹിതം സൂക്ഷിച്ചിട്ടില്ല. വൗച്ചറിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾക്കാധാരമായ രേഖകൾ പൂർണ്ണമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ പേയ്മെന്റ് വൗച്ചറിന്റെ വിവരം, ചെലവിനം മുതലായവ രേഖപ്പടുത്തുന്നില്ല. രേഖകളുടെ അഭാവത്തിൽ പലവൗച്ചറുകൾ പ്രകാരമുള്ള ചെലവിന്റെ കൃത്യത വ്യക്തമല്ല. 2019-20വർഷത്തെ തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറിനൊപ്പം ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | പേയ്മെന്റ് വൗച്ചർ നം/ചെക്ക് നം ,തീയതി | തുക | അപാകത |
|---|---|---|---|
| 1 | 21900365 /04.04.2019 | 45000/- | ഇ.എം.ഡി തിരികെ നൽകിയത് ,ഇ.എം.ഡി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ലഭ്യമാക്കിയിട്ടില്ല. |
| 2 | 21900066 /5.6.19 | 357718/- | റിട്ടൻഷൻ തിരികെ നൽകിയത്, ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 3 | 21900105 /06.08.2019 | 10889/- | വാഹനത്തിന്റെ റിപ്പയറിംഗ് ചാർജ് , ക്വട്ടേഷൻനടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 4 | 869/24.7.2019 | 3332 /- | വൗച്ചർ ലഭ്യമാക്കിയിട്ടില്ല. |
| 5 | 21900366 /25.7.2019 | 15000/- | ഇ.എം.ഡി തിരികെ നൽകിയത് , ഇ.എം.ഡി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ലഭ്യമാക്കിയിട്ടില്ല. |
| 6 | 21900179 /25.10.2019 | 37500/- | ഇ.എം.ഡി തിരികെ നൽകിയത് , ഇ.എം.ഡി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ലഭ്യമാക്കിയിട്ടില്ല |
| 7 | 21900196 / 8.11.2019 | 7865/- | ചെലവിന്റെ വിശദാംശമില്ല. |
| 8 | 21900195 /8.11.2019 | 12155/- | ചെലവിന്റെ വിശദാംശമില്ല |
| 9 | 21900198 / 16.11.2019 | 14704/- | വാഹനത്തിന്റെ റിപ്പയറിംഗ് ചാർജ് ,ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 10 | 21900213 /21.11.2019 | 19455/- | വാഹനത്തിന്റെ ടയർ വാങ്ങിയത്. നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 11 | 2282218 /20.1.20 | 3686/- | വൗച്ചർ,ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 12 | 2282219/21.1.20 | 7331 /- | വൗച്ചർ, ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 13 | 21900308 /17.02.20 | 10731/- | വാഹനത്തിന്റെ റിപ്പയറിംഗ് ചാർജ് ,ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |
| 14 | 21900329 /2.3.20 | 10428 /- | സ്റ്റേഷനറിക്ക് നൽകിയത്. ചെലവിന്റെ വിശദാംശങ്ങൾ (ഇൻവോയിസ് ഉൾപ്പെടെ ) , സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 555794 | |

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാത്ത പക്ഷം ചെലവുതുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-13 സെക്രട്ടറി നിർവഹണം നടത്തിയ ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകൾ - കരാറുകാരന് അർഹമായതിലും അധിക തുക നൽകി

ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ വിവിധകെട്ടിടങ്ങളുടെ വയറിങ്ങ് ജോലികൾ പൂർത്തിയാക്കി കരാറുകാരന് തുക നൽകിയതിൽ അപാകത വന്നിട്ടുണ്ട്. ചെയ്ത വേലമൂല്യത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകേണ്ടതിന് പകരം പിഎസിയുടെ അടിസ്ഥാനത്തിൽ ഫൈനൽബിൽ തയ്യാറാക്കി നൽകിയത് മൂലം കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1)പ്രോജക്ട് നം.80/2019-20, അനുബന്ധ ബ്ലോക്ക് കെട്ടിടം വയറിംഗ്

| | |
|---|---|
| അടങ്കൽ | 150000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 130133 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം. | 22/29.6.2019 |
| എം.ബുക്ക് നം. | 48/2018-19 |

ടി പ്രോജക്ടിൽ 150000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 7.1% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC-139350/- ) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ കരാറുകാരന് അർഹമായതിലും അധികമായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 108359.20 (M-Book പേജ്.23) |
| 2. | 7.1% കുറച്ചത് | 100665 |
| 3. | എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC | 4181 |
| 4. | ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC | 1394 |
| 5. | ആകെ (ക്രമ നം.2+3+4) | 106240 |
| | റിക്കവറീസ് | |
| 6 | ഫൈൻ 1% PAC | 1394 |
| 7. | ക്ഷേമനിധി വിഹിതം (1% ക്രമ നം.2) | 1007 |
| 8. | ഇൻകം ടാക്സ് (1% ക്രമ നം.2) | 1007 |
| 9 | ആകെ റിക്കവറീസ് | 3408 |
| 10. | കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9) | 102832 |
| 11. | കോൺട്രാക്ടർക്ക് നൽകിയത് | 126031 |
| 12. | അധികമായി നൽകിയത് | 23199 |

(2) പ്രോജക്ട് നം.81/2019-20, എസ്.സി വനിതകളുടെ വിശ്രമകേന്ദ്രം വയറിംഗ്

| | |
|---|---|
| അടങ്കൽ | 70000(എസ്.സി.പി) |
| ചെലവ് | 39587(എസ്.സി.പി) |
| ബിൽ നം. | 23/29.6.2019 |
| എം. ബുക്ക് നം. | 49/2018-19 |

ടി പ്രോജക്ടിൽ 45000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 6.5% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC-42075/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 37388.50 (M-Book പേജ്.18) |
| 2. | 6.5% കുറച്ചത് | 34958 |
| 3. | എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC | 1262 |
| 4. | ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC | 421 |
| 5. | ആകെ (ക്രമ നം .2+3+4) | 36641 |
| | റിക്കവറീസ് | |
| 6 | ഫൈൻ 1% PAC (Min.1000) | 1000 |
| 7. | ക്ഷേമനിധി വിഹിതം (1% ക്രമ നം.2) | 350 |
| 8. | ഇൻകം ടാക്സ് (1% ക്രമ നം.2) | 350 |
| 9 | ആകെ റിക്കവറീസ് | 1700 |
| 10. | കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9) | 34941 |
| 11. | കോൺട്രാക്ടർക്ക് നൽകിയത് | 37795 |
| 12. | അധികമായി നൽകിയത് | 2854 |

<u>(3) പ്രോജക്ട് നം.82/2019-20, അസി. എഞ്ചിനീയറുടെ ഓഫീസ് പുനർ വയറിംഗ്</u>

| | |
|---|---|
| അടങ്കൽ | 55000(വി.ഫ. ജന.) |
| ചെലവ് | 49440(വി.ഫ. ജന.) |
| ബിൽ നം. | 24/29.6.2019 |
| എം. ബുക്ക് നം. | 50/2018-19 |

ടി പ്രോജക്ടിൽ 55000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 6.5% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC-51425/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|

| | | |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 49397 (M-Book പേജ്.12) |
| 2. | 6.5% കുറച്ചത് | 46186 |
| 3. | എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC | 1543 |
| 4. | ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC | 514 |
| 5. | ആകെ (ക്രമ നം.2+3+4) | 48243 |
| | റിക്കവറീസ് | |
| 6 | ഫൈൻ 1% PAC (Min.1000) | 1000 |
| 7. | ക്ഷേമനിധി വിഹിതം (1% ക്രമ നം.2) | 462 |
| 8. | ഇൻകം ടാക്സ് (1% ക്രമ നം.2) | 462 |
| 9 | ആകെ റിക്കവറീസ് | 1924 |
| 10. | കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9) | 46319 |
| 11. | കോൺട്രാക്ടർക്ക് നൽകിയത് | 47452 |
| 12. | അധികമായി നൽകിയത് | 1133 |

മേൽ പ്രോജക്ടുകളിൽ സാംഖ്യ വഴി ബിൽ തയ്യാറാക്കാൻ സാധിക്കാതിരുന്നതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജും (3% Of PAC) ചെക്ക് മെഷർ ചെയ്ത ചാർജ്ജും (1% Of PAC) കരാറുകാരൻ വഴിയാണ് ഡി.എൽ.റ്റി.സി അംഗങ്ങൾക്ക് കൈമാറിയിട്ടുള്ളത്. മേൽപ്പറഞ്ഞ 3 പ്രോജക്ടുകളിലും കരാറുകാരന് അർഹമായതിലും അധികമായി തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/2019-20 തീ.21.4.2022) ഫയൽ പരിശോധിച്ച് വിശദമായ മറുപടി സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക (യഥാക്രമം പ്രോജക്ട് നം. 80/2019-20–23199/-, പ്രോജക്ട് നം.81/2019-20 – 2854/-, പ്രോജക്ട് നം.82/2019-20 - 1133/-) ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം ഈടാക്കി അറിയിക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 1-14 വിവിധ ഏജൻസികൾക്കും പഞ്ചായത്തുകൾക്കും തുക കൈമാറി- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ വിവിധ ഏജൻസികൾക്കും സംയുക്ത പ്രോജക്ടുകളുടെ ഭാഗമായി വിവിധ പഞ്ചായത്തുകൾക്കും തുക കൈമാറിയെങ്കിലും ടി തുകയ്ക്ക് അനുസൃതമായ പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ. നം., പേര് | ചെലവ്, ബിൽ നം. | തുക ലഭിച്ച സ്ഥാപനം | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1. | പ്രോജ. നം.7/2019-20, ലൈഫ് ഭവന നിർമ്മാണം | 7205063/- (വി.ഫ. ജന) 33/24.7.2019 36/27.7.2019 37/27.7.2019 | വാകത്താനം, വാഴപ്പള്ളി, തൃക്കൊടിത്താനം, പായിപ്പാട് ഗ്രാമ പഞ്ചായത്തുകൾ | വാഴപ്പള്ളി-15 ലക്ഷം തൃക്കൊടിത്താനം- 807800 പായിപ്പാട് - 705063 |

| | | | | |
|---|---|---|---|---|
| | | 38/27.7.2019 | | |
| 2. | പ്രോജ.24/2019-20, കിടപ്പ് രോഗികളെ വീട്ടിൽ ചെന്ന് ശുശ്രൂഷിക്കുന്നതിന് വിഹിതം നൽകൽ | 229958 (വി.ഫ) 184, 191, 193/17.3.2020 | തൃക്കൊടിത്താനം, പായിപ്പാട്, മാടപ്പള്ളി ഗ്രാമ പഞ്ചായത്തുകൾ | തൃക്കൊടിത്താനം-82365 പായിപ്പാട്-100000 മാടപ്പള്ളി-47593 |
| 3. | പ്രോജ. നം.3/2019-20,ഐ.കെ.എം ന് വിഹിതം നൽകൽ | 25000 (വി.ഫ) 32/24.7.2019 | ഐ.കെ.എം | 25000 |
| 4. | പ്രോജ. നം.71/2019-20(സ്പിൽ ഓവർ), തൃക്കൊടിത്താനം-മേച്ചേരി കോളനി പൈപ്പ് ലൈൻ വലിക്കൽ - നാലാം ഘട്ടം | 1190000 (എസ്.സി.പി) 2/20.5.2019 | കേരള വാട്ടർ അതോരിറ്റി, തിരുവല്ല | 158917 |
| 5. | പ്രോജ.നം.70/2019-20(സ്പിൽ ഓവർ), പുന്നൂച്ചിറ എസ്.സി കോളനി പൈപ്പ് ലൈൻ വലിക്കൽ | 206000 (എസ്.സി.പി) 3/20.5.2019 | കേരള വാട്ടർ അതോരിറ്റി, തിരുവല്ല | 43514 |

ക്രമ നം. 1, 2 എന്നിവയ്ക്ക് വിവിധ പഞ്ചായത്തുകൾ തുക ആവശ്യപ്പെട്ട് റിക്വിസിഷൻ നൽകിയതായി ഫയലിൽ രേഖയില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/2019-20തീ.25.4.2022) ക്രമ നം.4, 5 എന്നീ സ്പിൽ ഓവർ പ്രോജക്ടുകളിൽ കൈമാറിയ തുകയ്ക്ക് അനുസൃതമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ള 3470252/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതിൽ ബാക്കി നില്ക്കുന്ന തുക തിരികെ ഈടാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

1-15 പുറം ബണ്ട് നിർമ്മാണം -മൈനർ ഇറിഗേഷൻ വകുപ്പിന്റെ അനുമതിലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം &പേര് | 60/20പട്ടിത്താനം -വടക്കേക്കര പാടശേഖരം പുറംബണ്ട് ബലപ്പെടുത്തൽ |
| അടങ്കൽ | 450000/-(വികസനഫണ്ട്)+50000 /-(ഗുണ.വിഹിതം) |
| ചെലവ് | 449997/-( വികസനഫണ്ട്ബിൽ നം2/09-05-19) |
| കരാറുകാരൻ | ദേവസ്യ സെബാസ്റ്റ്യൻ |

പട്ടിത്താനം -വടക്കേക്കര പാടശേഖരം പുറംബണ്ട് ബലപ്പെടുത്തലിനായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്റ്റ് പ്രകാരം നിലവിലുള്ള തകർന്ന് പോയ സൈഡ് കെട്ട് പുനർനിർമ്മിക്കുന്നതിനും (DR Masonery)എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 5-3-19ലെ ജനറൽകമ്മറ്റിയുടെ 6(10) നമ്പർ തീരുമാനപ്രകാരം മൈനർഇറിഗേഷൻ വിഭാഗത്തിൽ നിന്നും പ്രസ്തുത സ്ഥലത്ത് പുറംബണ്ട് നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനും അനുമതി

നൽകിയിരുന്നു. ആയത് പ്രകാരം 68m നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് (ആദ്യഎസ്റ്റിമേറ്റ് പ്രകാരം 40mനീളത്തിലായിരുന്നു) എസ്റ്റിമേറ്റ് പുതുക്കിയിരുന്നു. മൈനർ ഇറിഗേഷൻ വകുപ്പ് പ്രവൃത്തിയേറ്റെടുത്ത പ്രസ്തുത സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കിയിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12) മറുപടി ലഭ്യമായിരുന്നില്ല. മൈനർ ഇറിഗേഷൻ വകുപ്പിന്റെ അനുമതിയില്ലാതെ അവരുടെ നിർമ്മാണപ്രവർത്തി നടക്കുന്ന സൈറ്റിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണപ്രവർത്തികൾ നടത്തിയത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ഗുണഭോക്തൃവിഹിതമായി വകയിരുത്തിയിരുന്ന അടങ്കലിന്റെ 10% തുകയായ 50000/- രൂപ പാടശേഖരസമിതി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കാതെ ഫൈനൽ ബിൽ നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 89/2020നീലംപേരൂർ-യൂദാപുരം റോഡ് നിർമ്മാണം |
| അടങ്കൽ | 390000/-(വികസനഫണ്ട് പൊതു) |
| ചെലവ് | 283078/-(ബിൽ നം 6/26-8-19) |
| കരാറുകാരൻ | ജയിംസ് ജോൺ |

നീലംപേരൂർ-യൂദാപുരം റോഡ് നിർമ്മാണത്തിനായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 140m നീളത്തിൽ റോഡ് കോൺക്രീറ്റിങ്ങ് നടത്തുന്നതിനാണ് കരാർ വച്ചത്. എന്നാൽ എംബുക്ക് പ്രകാരം 76.5m മാത്രം നീളത്തിൽ കോൺക്രീറ്റിങ്ങ് നടത്തി കരാറുകാരന് ഫൈനൽ ബിൽ നൽകിയതായി കാണുന്നു. . എസ്റ്റിമേറ്റ് പ്രകാരമുള്ള കരാർ വച്ചതിനുശേഷം മുഴുവൻ പ്രവർത്തിയും പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9)മറുപടിയായി ഗ്രാമപഞ്ചായത്തിൽ നിന്നും പൂർത്തീകരിച്ചതിനാലാണ് മുഴുവൻ പ്രവർത്തി നടത്താതിരുന്നത് എന്ന് അറിയിച്ചിരുന്നു. ഈ മറുപടി തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിന്റെ സമ്മതപ്രകാരം വേണമെന്നും പൂർത്തിയാക്കാനുള്ള റീച്ച് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണെന്നും സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ബാരൽ വില പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപറയുന്ന റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം പ്രവൃത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ബാരൽ വിലയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം &പേര് | കുറവ് ചെയ്ത ബാരൽ വില |
|---|---|

| | |
|---|---|
| 62/20 അഴകാത്തുപടി കുളങ്ങോട്ടപടിറോഡ് റീടാറിങ്ങ് (വികസനഫണ്ട് പൊതുവിഭാഗം) | 2618 |
| 88/20 ഇല്ലത്ത്പറമ്പ് വേഷനാൽ റോഡ് ടാറിങ്ങ് (വികസനഫണ്ട് പൊതുവിഭാഗം) | 3738 |
| ആകെ | 6356 |

വികസനഫണ്ട് വിഹിതം ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില തനത് ഫണ്ടിൽ ലഭിച്ചത് വികസന ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന 6356/-രൂപ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 മരുന്ന് വാങ്ങൽ - കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് യഥാസമയം ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) 2019-20 ൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന മരുന്ന് വാങ്ങൽ പ്രോജക്റ്റുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, ചെലവ് | ബിൽ നം. | തുക കൈമാറിയ സ്ഥാപനം | ലഭിച്ച മരുന്ന് | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1. | 15/2019-20, 1000000/-( (NR) | 11/20.09.2019 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ | 966033 | 33967 |
| 2. | 16/2019-20, 846969/-(വി.ഫ) | 15/5.11.2019 | ,, | 842615 | 4354 |

ടി വിഷത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/25.4.2022) മറുപടി ലഭിച്ചില്ല. ലഭ്യമാകാനുള്ള മരുന്നിന്റെ വിലയായ 38321/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായി ലഭ്യമാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല.

2019-20 വർഷം പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം എന്ന പ്രോജക്റ്റ് (പ്രോജക്റ്റ് നമ്പർ – 11/19 )പ്രകാരം പഠനമുറിക്കായി മൂന്ന് ഗഡുക്കളായി 125000/- രൂപ (1)ബിൽ നമ്പർ -14/19-20 ,12.11.2019 -50000/-,2) ബിൽ നമ്പർ - 47/19-20 ,24.02.2020 - -50000/- , 3)ബിൽ നമ്പർ - 9/ 20-21 ,17.7.2020 -25000/) നൽകിയ അനുമോൾ സജികുമാർ , പാറപ്പറമ്പിൽ എന്ന ഗുണഭോക്താവ് പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

2019-20 വർഷം ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ നിർവഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം .-18/19 ) എന്ന പ്രോജക്റ്റ് പ്രകാരം വാഴപ്പള്ളി പഞ്ചായത്തിന് 300000/- രൂപ (ബിൽ നമ്പർ -1 /10.10.2019 ) വിഹിതം

നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-21 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പഞ്ചായത്തുകളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനായി തുക കൈമാറിയെങ്കിലും അതാത് ഗ്രാമപഞ്ചായത്തുകളിൽനിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ. നം., പേര് | ചെലവ്, ബിൽ നം. | തുക ലഭിച്ച പഞ്ചായത്തുകൾ/നിർവഹണ ഉദ്യോഗസ്ഥർ | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1. | പ്രോജ. നം.25/2019-20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പഞ്ചായത്തിന് വിഹിതം നൽകൽ | 1100000 (വി.ഫ) 84/27.11.2019 | മാടപ്പള്ളി - 274097<br>പായിപ്പാട്-287593<br>തൃക്കൊടിത്താനം-299603<br>വാകത്താനം-238707 | 1100000/- |
| 2. | പ്രോജ. നം.26/2019-20, ക്ഷീര കർഷകർക്ക് കറവപ്പശു, കാലിത്തീറ്റ- പഞ്ചായത്ത് വിഹിതം നൽകൽ | 1400000 (വി.ഫ) 94/10.12.2019 | പായിപ്പാട്-400000<br>മാടപ്പള്ളി-400000<br>തൃക്കൊടിത്താനം-210000<br>വാഴപ്പള്ളി-119000<br>വാകത്താനം-271000 | 1400000/- |

മേൽ പ്രോജക്ടുകളിൽ വിവിധ പഞ്ചായത്തുകളിലെ നിർവഹണ ഉദ്യോഗസ്ഥർ തുക ആവശ്യപ്പെട്ട് നൽകിയ റിക്വിസിഷൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/25.4.2022) ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക (2500000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സെക്രട്ടറി നിർവഹണം നടത്തിയ ഇലക്ട്രിഫിക്കേഷൻ പ്രോജക്ടുകൾ - കരാറുകാരന് അർഹമായതിലും അധിക തുക നൽകി

ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ വിവിധകെട്ടിടങ്ങളുടെ വയറിങ്ങ് ജോലികൾ പൂർത്തിയാക്കി കരാറുകാരന് തുക നൽകിയതിൽ അപാകത വന്നിട്ടുണ്ട്. ചെയ്ത വേലമൂല്യത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകേണ്ടതിന് പകരം പിഎസിയുടെ അടിസ്ഥാനത്തിൽ ഫൈനൽബിൽ തയ്യാറാക്കി നൽകിയത് മൂലം കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(I)പ്രോജ. നം.80/2019-20, അനുബന്ധ ബ്ലോക്ക് കെട്ടിടം വയറിംഗ്

| | |
|---|---|
| അടങ്കൽ | 150000 (വി.ഫ. ജന.) |
| ചെലവ് | 130133(വി.ഫ. ജന.) |
| ബിൽ നം. | 22/29.6.2019 |
| എം.ബുക്ക് നം. | 48/2018-19 |

ടി പ്രോജക്ടിൽ 150000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 7.1% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC-139350/- ) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ കരാറുകാരന് അർഹമായതിലും അധികമായി തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 108359.20 (M-Book പേജ്.23) |
| 2. | 7.1% കുറച്ചത് | 100665 |
| 3. | എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC | 4181 |
| 4. | ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC | 1394 |
| 5. | ആകെ (ക്രമ നം.2+3+4) | 106240 |
| | റിക്കവറീസ് | |
| 6 | ഫൈൻ 1% PAC | 1394 |
| 7. | ക്ഷേമനിധി വിഹിതം (1% ക്രമ നം.2) | 1007 |
| 8. | ഇൻകം ടാക്സ് (1% ക്രമ നം.2) | 1007 |
| 9 | ആകെ റിക്കവറീസ് | 3408 |
| 10. | കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9) | 102832 |

| | | |
|---|---|---|
| 11. | കോൺട്രാക്ടർക്ക് നൽകിയത് | 126031 |
| 12. | അധികമായി നൽകിയത് | 23199 |

(Ii) പ്രോജ. നം.81/2019-20, എസ്.സി വനിതകളുടെ വിശ്രമകേന്ദ്രം വയറിംഗ്

| | |
|---|---|
| അടങ്കൽ | 70000(എസ്.സി.പി) |
| ചെലവ് | 39587(എസ്.സി.പി) |
| ബിൽ നം. | 23/29.6.2019 |
| എം. ബുക്ക് നം. | 49/2018-19 |

ടി പ്രോജക്ടിൽ 45000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 6.5% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC- 42075/-) പ്രവൃത്തിയുടെ മൂല്യം കണക്കാക്കി പെയ്മെന്റ് നൽകിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 37388.50 (M-Book പേജ്.18) |
| 2. | 6.5% കുറച്ചത് | 34958 |
| 3. | എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC | 1262 |
| 4. | ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC | 421 |
| 5. | ആകെ (ക്രമ നം .2+3+4) | 36641 |
| | റിക്കവറീസ് | |
| 6 | ഫൈൻ 1% PAC (Min.1000) | 1000 |
| 7. | ക്ഷേമനിധി വിഹിതം (1% ക്രമ നം.2) | 350 |
| 8. | ഇൻകം ടാക്സ് (1% ക്രമ നം.2) | 350 |
| 9 | ആകെ റിക്കവറീസ് | 1700 |
| 10. | കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9) | 34941 |
| 11. | കോൺട്രാക്ടർക്ക് നൽകിയത് | 37795 |
| 12. | അധികമായി നൽകിയത് | 2854 |

(Iii) പ്രോജ. നം.82/2019-20, അസി. എഞ്ചിനീയറുടെ ഓഫീസ് പുനർ വയറിംഗ്

| | |
|---|---|
| അടങ്കൽ | 55000(വി.ഫ. ജന.) |
| ചെലവ് | 49440(വി.ഫ. ജന.) |
| ബിൽ നം. | 24/29.6.2019 |
| എം. ബുക്ക് നം. | 50/2018-19 |

ടി പ്രോജക്ടിൽ 55000/- രൂപ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും എസ്റ്റിമേറ്റിൽ നിന്നും 6.5% കുറവായി ക്വോട്ട് ചെയ്ത ശ്രീ.ഡിനു ചാക്കോ, 'ബ്ലൂസ്റ്റാർ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. (PAC- 51425/-) പ്രവൃത്തിയുടെ മൂല്യം

കണക്കാക്കി പെയ്മെന്റ് നൽകിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | ഇനം | നൽകാവുന്ന തുക |
|---|---|---|
| 1. | ചെയ്ത പ്രവൃത്തിയുടെ മൂല്യം (Value Of Work Done) | 49397 (M-Book പേജ്.12) |
| 2. | 6.5% കുറച്ചത് | 46186 |
| 3. | എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജ് 3%of PAC | 1543 |
| 4. | ചെക്ക് മെഷർ ചെയ്ത ചാർജ്ജ് 1%of PAC | 514 |
| 5. | ആകെ (ക്രമ നം.2+3+4) | 48243 |
| | റിക്കവറീസ് | |
| 6 | ഫൈൻ 1% PAC (Min.1000) | 1000 |
| 7. | ക്ഷേമനിധി വിഹിതം (1% ക്രമ നം.2) | 462 |
| 8. | ഇൻകം ടാക്സ് (1% ക്രമ നം.2) | 462 |
| 9 | ആകെ റിക്കവറീസ് | 1924 |
| 10. | കോൺട്രാക്ടർക്ക് നൽകാവുന്നത് (ക്രമ നം.5-ക്രമ നം.9) | 46319 |
| 11. | കോൺട്രാക്ടർക്ക് നൽകിയത് | 47452 |
| 12. | അധികമായി നൽകിയത് | 1133 |

മേൽ പ്രോജക്ടുകളിൽ സാംഖ്യ വഴി ബിൽ തയ്യാറാക്കാൻ സാധിക്കാതിരുന്നതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ ചാർജ്ജും (3% Of PAC) ചെക്ക് മെഷർ ചെയ്ത ചാർജ്ജും (1% Of PAC) കരാറുകാരൻ വഴിയാണ് ഡി.എൽ.റ്റി.സി അംഗങ്ങൾക്ക് കൈമാറിയിട്ടുള്ളത്. മേൽപ്പറഞ്ഞ 3 പ്രോജക്ടുകളിലും കരാറുകാരന് അർഹമായതിലും അധികമായി തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/2019-20 തീ.21.4.2022) ഫയൽ പരിശോധിച്ച് വിശദമായ മറുപടി സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ 27186 രൂപയുടെ ചെലവ് (യഥാക്രമം പ്രോജക്ട് നം.80/2019-20 – 23199/-, പ്രോജക്ട് നം.81/2019-20 – 2854/-, പ്രോജക്ട് നം.82/2019-20 – 1133/-) ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം ഈടാക്കി അറിയിക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 26/05/2020-ലെ 2(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25/04/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ

സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 വർഷം സംയുക്ത പ്രോജക്ടിനായി ഗ്രാമ പഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടുകൾക്കുള്ള ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ഐ.എ.വൈ. പദ്ധതികൾക്കായി ലഭിച്ച തുകകളാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2019-20 വർഷം ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് വാട്ടർ അതോറിറ്റിയിൽ 1,396,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| ക്രമ-നം. | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1. | പൂന്നൂച്ചിറ എസ്.സി. കോളനി പൈപ്പ് ലൈൻ വലിക്കൽ(70/20) | 206,000/- | 0 | 206,000/- |
| 2. | തൃക്കൊടിത്താനം -മണിമുറി-മേച്ചേരി കോളനി പൈപ്പ് ലൈൻ വലിക്കൽ(71/20) | 1,190,000/- | 0 | 1,190,000/- |
| ആകെ | | 1,396,000/- | 0 | 1,396,000/- |

2019-20 വാർഷിക കണക്കുകളിൽ പ്ലാൻ ഫണ്ട് ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപോസിറ്റ് തുക നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2019-20 വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. | ജി.ഒ.(എം.എസ്.)നം 332/13/ തസ്വഭവ തീയതി 9.10.2013 | 4875000 | 2375000 | 2,375,000/- | 1,874,809/- | ഇല്ല |

(*) വാർഷിക ധനകാര്യ പത്രികയിലെ തുക കൃത്യമല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2019-20 വർഷത്തെ ധനകാര്യ പത്രിക 31/03/2020 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | | 2014-15 | 4.1.5 | എസ് സി വനിതാ പരിശീലന കേന്ദ്രം – നിഷ്ക്രിയ ആസ്തി | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാനുള്ള ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2018-19 | 3-1 | | സ്കൂളുകൾക്ക് ലാപ്പ്ടോപ്പ്,പ്രോജക്ടർ, സ്ക്രീൻ എന്നിവ വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല. | ശ്രീമതി ചന്ദ്രിക ബി., (സെക്രട്ടറി) കാരയക്കാട്ട് സഹസ്രാരം, മാടപ്പള്ളി പി.ഓ., ചങ്ങനാശ്ശേരി |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,194,869/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34,245,850/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 27186 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6308573 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 27186 | ദിൽഷാദ് ഇ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3240294 | ദിൽഷാദ് ഇ, സെക്രട്ടറി |
| 1-14 | 229958 | ഷാജി എം ഇ, സെക്രട്ടറി |
| 1-18 | 38321 | ഓമന.കെ.കെ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 1-20 | 300000 | യമുന കെ, സി.ഡി.പി.ഒ |
| 1-21 | 2500000 | ഉഷാഭായി.കെ.കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 6308573 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിൽഷാദ്.ഇ, സെക്രട്ടറി | സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | പണ്ടകശാല കിഴക്കേതിൽ, |

| | | |
|---|---|---|
| | | കായംകുളം-690502 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/04/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18 | 4 |
| 1999-00 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 9 |
| 2001-02 | നം.എൽ.എഫ്.കെ.പി.15/അദാ/816(4)/18/ 8.5.18 | 3 |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 4 |
| 2003-04 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 3 |
| 2004-05 | നം.എൽ.എഫ്.കെ.പി.15/അദാ/816(6)/18/ 8.5.18 | 2 |
| 2006-07 | നം.എൽ.എഫ്.കെ.പി.15/അദാ/816(8)/18/ 8.5.18 | 11 |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 |
| 2008-09 | നം.എൽ.എഫ്.കെ.പി.15/അദാ/816(9)/18/ 8.5.18 | 2 |
| 2009-10 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 5 |
| 2010-11 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(11)/18/ 8.5.18 | 12 |
| 2011-12 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(12)/18/ 8.5.18 | 2 |
| 2012-13 | നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18 | 4 |
| 2013-14 | നം.എൽ.എഫ്.കെ.പി.15/അദാ/816(14)/18/ 8.5.18 | 5 |
| 2014-15 | നം.എൽ.എഫ്.കെ.പി.15/അദാ/816/18/ 8.5.18 | 1 |
| 2015-16 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(16)/18/ | 3 |

| | | |
|---|---|---|
| | 8.5.18 | |
| 2016-17 | നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.4.18 | 11 |
| 2017-18 | നം.കെ.എസ്.കെ.ടി.എം.പി.15/1866/18/ 29.10.18 | 10 |
| 2018-19 | നം.കെ.എസ്.കെ.ടി.എം.പി.15/1781/19/ 01.10.2020 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്